ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഗുജറാത്തിലെ കണ്ട്‌ലയിൽ രാജ്യത്തെ ആദ്യ തദ്ദേശ നിർമിത ഹരിത ഹൈഡ്രജൻ പ്ലാന്റ് കമ്മീഷൻ ചെയ്തു. സുസ്ഥിരതയെ പിന്തുണയ്ക്കുന്നതിനുള്ള അഭിനന്ദനാർഹമായ ശ്രമമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **India's first indigenous green hydrogen plant commissioned in Kandla, Gujarat. Prime Minister Narendra Modi calls it a commendable effort to support sustainability.**

2. റെയിൽവെ വികസനത്തിനായി പുതിയ കാഴ്ചപ്പാടോടെയാണ് കേന്ദ്ര സർക്കാർ പ്രവർത്തിക്കുന്നതെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

   **Union Minister Ashwini Vaishnav says the central government is working with a new vision for railway development.**

3. ഇന്ത്യ-ഫിലിപ്പീൻസ് നയതന്ത്ര ബന്ധം 75-ാം വർഷത്തിലേയ്ക്ക്; അഞ്ചു ദിവസത്തെ സന്ദർശനത്തിനായി ഫിലിപ്പീൻസ് പ്രസിഡണ്ടിൻറ് നാളെ ഇന്ത്യയിലെത്തും.

   **India-Philippines diplomatic relations are entering their 75th year; Philippine President to arrive in India tomorrow for a five-day visit.**

4. കേരളത്തിൽ ശക്തമായ മഴ തുടരുന്നു. ഇന്ന് ഏഴു ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

**Heavy rain continues in Kerala. Orange alert in seven districts today.**

5. **ഓവൽ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ട് മികച്ച നിലയിൽ.**

**England in good condition against India in the Oval cricket test.**

**&&&&&&&&&&&&&&**

## HEADLINE 1

## PM-KANDLA PORT

ഗുജറാത്തിലെ കണ്ട്‌ലയിൽ രാജ്യത്തെ ആദ്യ തദ്ദേശ നിർമിത ഹരിത ഹൈഡ്രജൻ പ്ലാന്റ് കമ്മീഷൻ ചെയ്തു. കാർബൺ ബഹിർഗമനത്തിൽ നെറ്റ് സീറോ ലക്ഷ്യം കൈവരിക്കുക എന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കാഴ്ചപ്പാടിലേക്കുള്ള ശക്തമായ ഒരു ചുവടുവയ്പ്പാണിതെന്ന് ദീൻ ദയാൽ തുറമുഖ അതോറിറ്റി വ്യക്തമാക്കി. സുസ്ഥിരതയെ പിന്തുണയ്ക്കുന്നതിനുള്ള അഭിനന്ദനാർഹമായ ശ്രമമാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

**&&&&&&&&&&&&&&**

## HEADLINE 2

## GUJ - ASHWINI VAISHNAW- INTRO

റെയിൽവെ വികസനത്തിനായി പുതിയ കാഴ്ചപ്പാടോടെയാണ് കേന്ദ്ര സർക്കാർ പ്രവർത്തിക്കുന്നതെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. കഴിഞ്ഞ 11 വർഷത്തിനുള്ളിൽ 34,000 കിലോമീറ്റർ പുതിയ റെയിൽവേ ട്രാക്കുകൾ സ്ഥാപിച്ചതായി വ്യക്തമാക്കിയ കേന്ദ്രമന്ത്രി ഇന്ത്യൻ റെയിൽവേ വലിയ മാറ്റത്തിന് സാക്ഷ്യം വഹിക്കുകയാണെന്നും പറഞ്ഞു. ഗുജറാത്തിലെ ഭാവ്നഗറിൽ

വിവിധ ട്രെയിൻ സർവീസുകളുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

ചടങ്ങിൽ കേന്ദ്ര മന്ത്രിമാരായ മൻസുഖ് മാണ്ഡവ്യ, നിമു ബെൻ ബംഭാനിയ എന്നിവരും പങ്കെടുത്തു.

&&&&&&&&&&&&&&

## HEADLINE 3

## PHILIPPINES PRESIDENT VISIT

അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് ആർ. മാർക്കോസ് നാളെ ന്യൂഡൽഹിയിലെത്തും. കാബിനറ്റ് മന്ത്രിമാർ ഉൾപ്പെടെയുള്ള ഉന്നതതല പ്രതിനിധി സംഘം അദ്ദേഹത്തോടൊപ്പമുണ്ടാകും. ചൊവ്വാഴ്ച പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഫിലിപ്പീൻസ് പ്രസിഡന്റ് ഉഭയകക്ഷി ചർച്ച നടത്തും. തുടർന്ന് രാഷ്ട്രപതി ദ്രൗപദി മുർമുവിനെയും സന്ദർശിക്കും. ഇന്ത്യ-ഫിലിപ്പീൻസ് നയതന്ത്ര ബന്ധത്തിന്റെ 75-ാം വാർഷികത്തോട് അനുബന്ധിച്ചാണ് ഫിലിപ്പീൻസ് പ്രസിഡണ്ടിന്റെ ഇന്ത്യ സന്ദർശനം. ഇന്ത്യയുടെ ആക്ട് ഈസ്റ്റ്, മഹാസാഗർ, ഇന്തോ-പസഫിക് എന്നീ കാഴ്ചപ്പാടുകളുടെ അവിഭാജ്യ ഘടകമാണ് ഫിലിപ്പീൻസ്.

&&&&&&&&&&&&&&

## M K SANU

സാഹിത്യ സാംസ്കാരിക ലോകത്തെ നിറ സാന്നിധ്യമായിരുന്ന എം. കെ. സാനുവിന് കേരളത്തിൻറെ അന്ത്യാഞ്ജലി. കൊച്ചി കാരയ്ക്കാമുറിയിലുള്ള വസതിയിലും എറണാകുളം ടൗൺ

ഹാളിലും നടന്ന പൊതുദർശനത്തിൽ ആയിരങ്ങളാണ് യാത്രമൊഴിയേകാൻ എത്തിയത്. മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ എം. ബി രാജേഷ്, പി. രാജീവ്, കെ. രാജൻ, ആർ. ബിന്ദു, വി. എൻ വാസവൻ, പി. പ്രസാദ്, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ തുടങ്ങി രാഷ്ട്രീയ സാംസ്കാരിക രംഗത്തെ നിരവധി പേർ അന്ത്യാഞ്ജലി അർപ്പിച്ചു. സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ രവിപുരം ശ്മശാനത്തിൻ നടന്നു.

**&&&&&&&&&&&&&&**

## BIHAR TEJASHWI CONTROVERSY

ബീഹാറിൽ ആർജെഡി നേതാവ് തേജസ്വി പ്രസാദ് യാദവിന് രണ്ട് വോട്ടർ തിരിച്ചറിയൽ കാർഡുകൾ ഉണ്ട് എന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ അന്വേഷണത്തിനായി തിരിച്ചറിയൽ കാർഡിന്റെ വിശദാംശങ്ങൾ സമർപ്പിക്കാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. ഇന്നലെ നടത്തിയ വാർത്താസമ്മേളനത്തിൽ തന്റെ പേര് കരട് വോട്ടർ പട്ടികയിൽ നിന്ന് നീക്കം ചെയ്തതായി ആരോപിച്ച്കൊണ്ട് ശ്രീ യാദവ് ഒരു ഇപിഐസി കാർഡ് നമ്പർ പ്രദർശിപ്പിച്ചിരുന്നു. എന്നാൽ ശ്രീ യാദവ് പ്രദർശിപ്പിച്ച വോട്ടർ ഐഡി കാർഡ് , തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയതല്ലെന്നും ഇദ്ദേഹത്തിന്റെ പേര് ദിഘ നിയമസഭാ മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ വ്യക്തമാക്കി. വ്യാജ വോട്ടർ കാർഡ് കൈവശം വച്ചതിന് നിയമസഭ പ്രതിപക്ഷ നേതാവ് തേജസ്വി മറുപടി നൽകണമെന്ന് ബിജെപി നേതാക്കൾ ആവശ്യപ്പെട്ടു.

**&&&&&&&&&&&&&&**

## DURG PRICE - NPPA

പ്രമുഖ ഫാർമസ്യൂട്ടിക്കൽ കമ്പനികൾ വിൽക്കുന്ന 35 അവശ്യ മരുന്നുകളുടെ ചില്ലറ വിൽപ്പന വില കുറച്ച് കേന്ദ്ര സർക്കാർ. ആന്റി-ഇൻഫ്ലമേറ്ററി, കാർഡിയോവാസ്കുലാർ, ആൻറിബയോട്ടിക്, ആന്റി-ഡയബറ്റിക്, സൈക്യാട്രിക് എന്നിവയുൾപ്പെടെ വിവിധതരം മരുന്നുകൾ ഇതിൽ ഉൾപ്പെടുന്നു. അവശ്യമരുന്നുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കാനാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയുടെ നടപടി. ഇത് സംബന്ധിച്ച് രാസവസ്തു, മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചു. ചില്ലറ വ്യാപാരികളും ഡീലർമാരും പുതുക്കിയ വില പട്ടികകൾ പ്രദർശിപ്പിക്കണമെന്ന് ഉത്തരവിൽ പറയുന്നു.

&&&&&&&&&&&&&&

## JAN DHAN ACCOUNT- NIRMALA

പ്രധാനമന്ത്രി ജൻ ധൻ അക്കൗണ്ടുകൾ 55 കോടി കടന്നതായി കേന്ദ്ര ധനമന്ത്രി നിർമ്മല സിതാരാമൻ. അക്കൗണ്ട് ഉടമകളിൽ 56 ശതമാനവും സ്ത്രീകളാണ്, ഈ അക്കൗണ്ടുകളിലെ മൊത്ത നിക്ഷേപം 2.5 കോടി കടന്നതായി ധന മന്ത്രി പറഞ്ഞു. ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ഉൾപ്പെടുത്തൽ സംരംഭങ്ങളിലൊന്നാണിതെന്നും, ഈ വർഷം മൂന്ന് കോടി ജൻ ധൻ അക്കൗണ്ടുകൾ കൂടി തുറക്കാൻ ലക്ഷ്യമിടുന്നതായും ശ്രീമതി നിർമ്മല സിതാരമൻ വ്യക്തമാക്കി.

&&&&&&&&&&&&&&

## FILM COMCLAVE

കേരള ഫിലിം പോളിസി കോൺക്ലേവിന് തിരുവനന്തപുരത്ത് സമാപനം. ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. നല്ല സിനിമ നല്ല

നാളെ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് കാലിക പ്രസക്തിയുള്ള സിനിമകളാണെന്നും സിനിമാ പ്രദർശനത്തിന് സർക്കാർ നിയന്ത്രണത്തിലുള്ള സംവിധാനം വേണമെന്നും അടൂർ ഗോപാലകൃഷ്ണൻ പറഞ്ഞു. രണ്ട് ദിവസത്തെ കോൺക്ലേവിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച സിനിമാ നയം സർക്കാരിന് സമർപ്പിക്കും. മന്ത്രി കെ എൻ ബാലഗോപാൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രി സജി ചെറിയാൻ ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്തു.

&&&&&&&&&&&&&&

## HEADLINE 4

## RAIN KERALA- INTRO

കേരളത്തിൽ മഴ വീണ്ടും ശക്തമാകാൻ സാധ്യത. ഇന്ന് ഏഴു ജില്ലകളിൽ ഓറഞ്ച് ജാഗ്രത പുറപ്പെടുവിച്ചിട്ടുണ്ട്.

വിശദാംശങ്ങളുമായി ആകാശവാണി ലേഖകൻ എം.സ്മിതി...

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&

## RAJEEV CHANDRASEKHAR- SCT

തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജനപ്രകാരം പുതുതായി നിർമ്മിച്ച ആശുപത്രി ബ്ലോക്കിലേക്ക് 255 പുതിയ തസ്തികകൾ കേന്ദ്ര സർക്കാർ അനുവദിച്ചു. ഇതനുസരിച്ച് 102 നഴ്സിംഗ് ഓഫീസർമാരെയും 57 സീനിയർ റസിഡൻറുകളെയുമാണ്

നിയമിക്കുക. ന്യൂറോ സർജറി, കാർഡിയോവാസ്കുലർ ഗവേഷണം, അനുബന്ധ മേഖലകൾ എന്നിവയുടെ ആഗോള കേന്ദ്രമായി ശ്രീചിത്ര ഉയർന്നുവരുന്നതിന് ഈ നിയമനങ്ങൾ ആക്കം കൂട്ടുമെന്ന് ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പ്രസ്താവനയിൽ അറിയിച്ചു.

&&&&&&&&&&&&&&

## J-K OPERATION

ജമ്മു കശ്മീരിലെ കുൽഗാമിൽ മൂന്നാം ദിവസവും ഭീകര വിരുദ്ധ ഓപ്പറേഷൻ തുടരുന്നു. അഖൽ ദേവ്സർ പ്രദേശം കേന്ദ്രീകരിച്ചാണ് സൈന്യവും പോലീസും സിആർപിഎഫും സംയുക്തമായി തെരച്ചിൽ നടത്തുന്നത്. വെള്ളിയാഴ്ച ആരംഭിച്ച ഓപ്പറേഷനിൽ ഇതുവരെ മൂന്ന് ഭീകരർ കൊല്ലപ്പെട്ടു.

&&&&&&&&&&&&&&

## HEADLINE 5

## CRICKET

ഇന്ത്യക്കെതിരായ ഓവൽ ക്രിക്കറ്റ് ടെസ്റ്റിൻറെ നാലാം ദിവസം ഇംഗ്ലണ്ടിൻറെ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു. 374 റൺസ് വിജയലക്ഷ്യവുമായി ബാറ്റ് ചെയ്യുന്ന ഇംഗ്ലണ്ട് ഒടുവിൽ വിവരം ലഭിക്കുന്പോൾ 3 വിക്കറ്റിന് 252 റൺസ് എന്ന ശക്തമായ നിലയിലാണ്. അഞ്ച് മത്സരങ്ങളങ്ങിയ പരന്പരയിലെ അവസാന ടെസ്റ്റാണിത്. പരന്പരയിൽ ഇംഗ്ലണ്ട് 2-1 ന് മുന്നിലാണ്.

&&&&&&&&&&&&&&

## CAIT

ഇന്ത്യൻ ഉൽപ്പന്നങ്ങൾ വാങ്ങുക, വിൽക്കുക എന്ന ലക്ഷ്യത്തോടെ "ഇന്ത്യൻ ഉൽപ്പന്നങ്ങൾ: നമ്മുടെ അഭിമാനം" എന്ന സന്ദേശം മുന്നോട്ടുവച്ച് പ്രചാരണം ആരംഭിക്കുമെന്ന് കോൺഫെഡറേഷൻ ഓഫ് ആൾ ഇന്ത്യാ ട്രേഡേഴ്സ്. 48,000-ത്തിലധികം വ്യാപാര സംഘടനകളെ ഉൾപ്പെടുത്തി ഈ മാസം 10 മുതൽക്കാണ് പ്രചാരണം സംഘടിപ്പിക്കുക. ന്യൂഡൽഹിയിൽ ഇന്നും നാളെയുമായി നടക്കുന്ന ദേശീയ വ്യാപാരി നേതാക്കളുടെ സമ്മേളനത്തിലാണ് ഈ തീരുമാനം.

&&&&&&&&&&&&&&

## UP - ACCIDENT

ഉത്തർപ്രദേശിലെ ഗോണ്ടയിൽ ഇന്ന് രാവിലെ ഉണ്ടായ വാഹനാപകടത്തിൽ 11 പേർ മരിച്ചു. നാല് പേർക്ക് പരിക്കേറ്റു. ഗോണ്ടയിലെ പൃഥ്വിനാഥ് ക്ഷേത്രത്തിലേക്ക് പോകുകയായിരുന്ന വാഹനം നിയന്ത്രണം വിട്ട് റെഹ്റ ഗ്രാമത്തിനു സമീപത്തെ കനാലിലേക്ക് വീഴുകയായിരുന്നു. സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും നൽകുമെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&

## IRAN REOPENS AIRSPACE

ഇസ്രായേലുമായുള്ള വെടിനിർത്തലിനെത്തുടർന്ന് ഇറാന്റെ വ്യോമാതിർത്തി പൂർണ്ണമായും തുറന്നു. ആഭ്യന്തര, അന്തർദേശീയ വിമാന സർവീസുകൾ സാധാരണ നിലയിലായതായി ഇറാന്റെ സിവിൽ ഏവിയേഷൻ ഓർഗനൈസേഷൻ അറിയിച്ചു. ടെഹ്റാനിൽ ഇസ്രായേൽ

നടത്തിയ വ്യോമാക്രമണത്തിന് ശേഷം ജൂൺ 13 ന് ആണ് ഇറാൻ വ്യോമാതിർത്തി പൂർണ്ണമായും അടച്ചത്.

&&&&&&&&&&&&&&

## RUSSIA - FIRE

റഷ്യയിലെ തീരനഗരമായ സോച്ചിക്ക് സമീപമുള്ള എണ്ണ സംഭരണ കേന്ദ്രത്തിൽ വൻ തീപിടുത്തം. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല. യുക്രൈൻ ഡ്രോൺ ആക്രമണം നടത്തിയതാണ് അപകടത്തിന് കാരണമെന്ന് റഷ്യ ആരോപിച്ചു.

&&&&&&&&&&&&&&

## RUSSIA - EARTHQUAKE

റഷ്യയിലെ കാംചത്ക ഉപദ്വീപിലെ ക്രാഷെനിന്നിക്കോവ് അഗ്നിപർവ്വതം പൊട്ടിത്തെറിച്ചു. 600 വർഷത്തിനിടെ ഇതാദ്യമായാണ് ഈ അഗ്നിപർവ്വതം പൊട്ടിത്തെറിക്കുന്നത് . കഴിഞ്ഞ ദിവസങ്ങളിൽ പ്രദേശത്തുണ്ടായ ശക്തമായ ഭൂകമ്പവും തുടർചലനങ്ങളുമാണ് സ്ഫോടനത്തിന് കാരണമായി കണക്കാക്കുന്നത്. അതിനിടെ റഷ്യയിൽ ഇന്ന് രാവിലെ വീണ്ടും ഭൂചലനം ഉണ്ടായി. തുടർന്ന് കാംചത്ക ഉപദ്വീപിന്റെ ചില ഭാഗങ്ങളിൽ സുനാമി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&

&&&&&&&&

&&&